(ബി) സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിച്ച് വരുന്നത്. സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ നടന്നുവരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ 100% കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ആദ്യമായി 2003-04 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 40 ലക്ഷം രൂപ സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽനിന്നും 10 ലക്ഷം രൂപ ജി.ഒ.(എം.എസ്.)188/2003/പൊ.വി.മി. 18-7-2003 പ്രകാരം സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് അടുത്ത വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ തുക വകകൊള്ളിക്കാനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സാക്ഷരതാ മിഷന് 2003-04 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 40 ലക്ഷം രൂപ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ചിട്ടുണ്ട്.

അനൗപചാരിക-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള നടപടി

161 (3724) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനൗപചാരിക-തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി പ്രത്യേക ഡയറക്ടറേറ്റ് ആരംഭിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അങ്ങനെയൊരു നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്.

(സി) നിർദ്ദേശം പഠിച്ച് വരുന്നതേയുള്ളൂ.

അനൗപചാരിക വിദ്യാഭ്യാസ പദ്ധതി

162 (3725) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനൗപചാരിക വിദ്യാഭ്യാസം എന്നതിൽ എന്തെല്ലാം വിദ്യാഭ്യാസ പദ്ധതികളാണ് ഉൾപ്പെടുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഓരോ വിദ്യാഭ്യാസ പദ്ധതി നിയമമനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(സി) ഈ പദ്ധതികൾക്കെല്ലാം കൂടി പ്രതിവർഷം എന്തു തുകയാണ് ബഡ്ജറ്റിൽപ്പെടുത്തുന്നത് ;

(ഡി) അനൗപചാരികമായി വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേകം ഡയറക്ടറേറ്റ് സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്കൂൾ കോളേജ് പഠനത്തിനപ്പുറം ഔപചാരിക സംവിധാനത്തിന് പുറത്ത് അനൗപചാരികമായി നടക്കുന്ന വിദ്യാഭ്യാസ രീതിയാണ് അനൗപചാരിക വിദ്യാഭ്യാസം. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമായതിനാൽ തുടർ വിദ്യാഭ്യാസ പദ്ധതിയാണ് അനൗപചാരിക പ്രവർത്തനത്തിലൂടെ നടന്നു വരുന്നത്.

കേരളത്തിൽ ഈ പദ്ധതി അനുസരിച്ച് 4000 തുടർ വിദ്യാകേന്ദ്രങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ 500 നോഡൽ കേന്ദ്രങ്ങളാണ് (വികസന വിദ്യാ കേന്ദ്രങ്ങൾ), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ കേന്ദ്രങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. ചുരുക്കം ചില കേന്ദ്രങ്ങൾ സന്നദ്ധ സംഘടനകളും വഹിക്കുന്നു. തുടർ വിദ്യാഭ്യാസ പദ്ധതിയിൽ പ്രധാനമായും അഞ്ച് പരിപാടികളാണ് ഉൾപ്പെടുന്നത്.

1. സാക്ഷരതാ പരിപാടി, തുല്യതാ പരിപാടി വരുമാന വർദ്ധക പരിപാടികൾ, ജീവിതഗുണനിലവാര വർദ്ധക പരിപാടികൾ, വ്യക്തി താൽപ്പര്യപോഷണ പരിപാടികൾ.

    1. സാക്ഷരതാ പരിപാടിയുടെ ഭാഗമായി നിരക്ഷരരായ ആളുകൾക്കായി സാക്ഷരതാ ക്ലാസ്സുകൾ നടത്തി വരുന്നു.

    2. തുല്യതാ പരിപാടിയിൽ നവസാക്ഷരരും പഠിക്കാൻ അവസരം ലഭിക്കാതെ പോയവരും, സ്കൂളിൽ നിന്ന് കൊഴിഞ്ഞ് പോയവരുമായ ആളുകൾക്ക് 4,7,10 ക്ലാസ്സുകൾക്ക് തുല്യമായ വിദ്യാഭ്യാസം നേടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കാനുള്ള അവസരമൊരുക്കുന്നു.

    3. സ്വയംതൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്കായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതാണ് വരുമാന വർദ്ധക പരിപാടി.

    4. ജീവിത ഗുണനിലവാര വർദ്ധക പരിപാടികളുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികളാണ് പ്രധാനമായും നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

5. വ്യക്തികളിലെ അന്തർലീനമായ സർഗ്ഗശേഷികളെ പ്രോത്സാഹിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിനുള്ള ശ്രമമാണ് വ്യക്തി താൽപ്പര്യ പോഷണ പരിപാടികളിലൂടെ നടന്നു വരുന്നത്.

(സി) തുടർ വിദ്യാഭ്യാസ പദ്ധതിക്കായി ആദ്യമായി ഈ വർഷത്തെ (2003-04) ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 40 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നടന്നു വരുന്ന വിവിധ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ മറ്റ് വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും വിദ്യാഭ്യാസ പ്രവർത്തനത്തിനുള്ള തുക ലഭ്യമാക്കാൻ ഒരു അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആരംഭിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

നോർക്ക വകുപ്പിന്റെ പ്രവർത്തനം അപര്യാപ്തമാണെന്ന ആക്ഷേപം

163 (3726) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ ജോലി സുരക്ഷിതത്വത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പ്രവാസി മലയാളികൾക്ക് ഉണ്ടാകുന്ന അത്യാപത്തുകളിൽ സഹായിക്കുന്നതിന് നോർക്ക വകുപ്പിന്റെ പ്രവർത്തനം തീരെ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാനും പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവാസി മലയാളികൾ വിദേശങ്ങളിൽ ചെയ്യുന്ന ജോലികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വ്യക്തമായ രേഖകൾ ഒന്നുംതന്നെ ഇല്ല. ഓരോ പ്രവാസി മലയാളിയും അവരുടെ തൊഴിൽദായകരുമായി (Sponsor) ഏർപ്പെടുന്ന കരാറുകളുടെ അടിസ്ഥാനത്തിലാണ് ജോലി ചെയ്തു വരുന്നത്. അതിനാൽ പ്രവാസികളുടെ ജോലി സുരക്ഷിതത്വത്തിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമല്ല.

(ബി&സി) നോർക്കാ വകുപ്പിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് അത്യാപത്തുകളിൽ പ്രവാസികൾക്ക് ആവശ്യം വേണ്ട സഹായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ദുരന്തം, ഗുജറാത്തിലെ വർഗ്ഗീയകലാപം, ഇറാക്കിൽ അമേരിക്കയുടെ അധിനിവേശം തുടങ്ങിയ സമയങ്ങളിൽ നോർക്കാ വകുപ്പ് കൈക്കൊണ്ട നടപടികൾ പ്രവാസിമലയാളികൾക്കും നാട്ടിലുള്ള അവരുടെ ബന്ധുക്കൾക്കും വളരെ ഉപകാരപ്രദമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly